# വിപശ്യനാ പത്രിക

*സയാജി ഊ ബാ ഖിൻന്റെ പരമ്പരയ്ക്കനുസരിച്ച്  എസ. എൻ. ഗോയങ്ക പഠിപ്പിച്ച ധ്യാന വിധി*

**Vol. 4, No. 10 : ഒക്ടോബർ 2011**
**മലയാളം മാസ പത്രിക**

**വിപസ്സന റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട്**
**ധമ്മഗിരി, ഇഗത്പുരി – 422 403, മഹാരാഷ്ട്ര**

***ധർമ്മ വാണി***

*ധർമ്മ പഥ ഹീ ശാന്തി പഥ,*
*ധർമ്മ പഥ സുഖ പന്ഥ്,*
*ഇസ പഥ പർ ജോ ഭീ ചലേ,*
*മംഗൾ ജഗേ അനന്ത്.*

ധർമ്മ പഥമേ ശാന്തി പഥം,
ധർമ്മ പഥമേ സൗഖ്യ പഥം,
ധർമ്മ ഫഥത്തിലാരു നടപ്പൂ,
മംഗളമുണരുമനന്തം.

— **എസ. എൻ. ഗോയങ്ക**

## ഉള്ളിലെ മനസ്സ് എപ്രകാരമാണ്?

**എസ. എൻ. ഗോയങ്ക**

*(ജീ–ടീവിയിൽ തുടർച്ചയായി 44 ഭാഗങ്ങളായി പ്രസാരണം ചെയ്ത ഗോയങ്കജീയുടെ പ്രവചനങ്ങളുടെ 21 ാം ഭാഗം)*

ആർക്ക് സ്വന്തം ഉള്ളിൽ സത്യത്തിന്റെ ദർശനം ചെയ്യേണ്ടതുണ്ടോ, പരമസത്യത്തിന്റെ ദർശനം ചെയ്യേണ്ടതുണ്ടോ, അവന് പരിശ്രമം ചെയ്യേണ്ടതുണ്ട്. വലിയ പരിശ്രമം, പരാക്രമം, വലിയ പുരുഷാർത്ഥം ചെയ്യേണ്ടതുണ്ട്. കൂടാതെ അതും വളരെ വിവേകത്തോടെ. തെറ്റായ രീതിയിൽ പുരുഷാർത്ഥം ചെയ്തുകൊണ്ടുപോയാൽ ഏതൊരു പരിണാമം വരേണ്ടതുണ്ടോ, അതു വരില്ല. ഏതൊരു സത്യം പ്രകടമായിക്കൊണ്ടിരിക്കുന്നോ, അതിനെ മാത്രം വളരെ വിവേകത്തോടെ യഥാവിധി സ്വീകരിക്കണം. അതിൽ ഏതെങ്കിലും ആരോപണം ചെയ്യരുത്. ഈ ദർശന വിശ്വാസത്തിന്റെ അല്ലെങ്കിൽ ആ ദർശനവിശ്വാസത്തിന്റെ ആരോപണം ചെയ്താൽ യഥാർത്ഥത്തിൽ നിന്നും ദൂരെയായിപ്പോകും. യഥാർത്ഥത്തിൽ, എപ്രകാരമോ അപ്രകാരം സ്വീകരിക്കണം.

അപ്പോൾ ഈ വ്യക്തി ബോധി വൃക്ഷത്തിന്റെ ചുവട്ടിലിരുന്ന് സ്വന്തം ഉള്ളിൽ സത്യത്തിന്റെ അന്വേഷണം ചെയ്തുകൊണ്ടിരിക്കുകയാണ്. സത്യത്തിന്റെ ഗവേഷണം ചെയ്തു ചെയ്ത് സ്ഥൂല അവസ്ഥകളിൽ നിന്നും സൂക്ഷ്മ അവസ്ഥകളിലേക്ക് മുന്നേറി ക്കൊണ്ടു പോകുകയാണ്. ദുഖം എന്താണ് – ഇത് അനുഭൂതികളാൽ മനസ്സിലാക്കിക്കൊണ്ടിരിക്കുകയാണ്. 'യംപി ഇച്ചം ന ലഭതി തം പി ദുഖം'– ഇച്ചിച്ചത് ലഭിച്ചില്ല എങ്കിൽ ദുഖം ഉണ്ടാകുന്നു. എന്നാൽ ഇത്രമാത്രം അനുഭവിച്ച് ബുദ്ധനായി ത്തീർന്നതല്ല. കൂടുതൽ ആഴത്തിൽ പോകേണ്ടതുണ്ട്. ആഴങ്ങളിൽ പോയി പോയി ആഴത്തിലുള്ള കാര്യം പിടി കിട്ടി – സംഖിത്തേന പഞ്ചുപാദാന ക്ഖന്ധാ ദുഖാ: ഏതുവരെ മനസ്സ് വിക്ഷിപ്തമാണോ, അതായത് ഏകാഗ്രമല്ലയോ, അതുവരെ ബലവാനല്ല. അതിന് തുളച്ചു കയറുന്ന പ്രജ്ഞയെ തയ്യാറാക്കാൻ സാധിക്കില്ല. സംക്ഷിപ്തമായി ആയി ഇത്ര സംക്ഷിപ്തമായി – പ്രജ്ഞ തുളച്ചു കയറുന്ന തായിത്തീർന്നു. അപ്പോൾ തുളച്ചു കയറിക്കൊണ്ട്, കീറിമുറിച്ചുകൊണ്ട്, പിളർന്നുകൊണ്ട്, വിഭജിച്ചു വിഭജിച്ചു കൊണ്ട് പ്രജ്ഞ സത്യത്തെ അനാവരണം ചെയ്യാൻ തുടങ്ങി. ആ അവസ്ഥയിൽ 'സംഖിത്തേന'– സംക്ഷേപമായി എന്താണ് അറിഞ്ഞത്? 'പഞ്ചുപാദാന ക്ഖന്ധാ ദുഖാ' – ഏതൊരു അഞ്ച് സ്കന്ദമുണ്ടോ – അതിനൊട് എത്ര ആഴത്തിലുള്ള 'ഉപാദാന'മാണ്. ഇന്നത്തെ ഭാഷയിൽ പറഞ്ഞാൽ ഇതിനൊട് എത്ര ആഴത്തിലുള്ള ആസക്തിയാണ്! ഇത് ദുഖമാണ്. വേരുകൾവരെ പോകാൻ തുടങ്ങി. – ഇത് ദുഖമാണ്. അഞ്ചു സ്കന്ദമെന്താണ്? ഒന്നാകട്ടെ ഈ ഭൗതിക സ്കന്ദം, ഈ ശരീര സ്കന്ദം – പൃഥി, അഗ്നി, ജലം, വായു – അവയുടെ സ്വന്തം സ്വഭാവം, ഇവ എല്ലാം കൂടിച്ചേർന്ന് ഒരു അഷ്ടകലാപം – ഒരു അഷ്ടകലാപത്തിനും മറ്റൊന്നിനുമിടക്ക് ശൂന്യം – ഇപ്രകാരം ഇത് ഒരു ഭൗതിക സ്കന്ദം. കൂടാതെ മാനസത്തിന്റെ നാല് സ്കന്ദം – ഒന്ന്, 'വിജ്ഞാനം', അത് അറിയുന്ന ജോലി ചെയ്യുന്നു, മറ്റൊന്ന് 'സംജ്ഞ', അത് തിരിച്ചറിയുന്ന ജോലി ചെയ്യുന്നു, മൂല്യനിർണ്ണയത്തിന്റെ ജോലി ചെയ്യുന്നു, മൂന്നാമത്തേത് 'വേദന', അനുഭവിക്കുന്ന ജോലി ചെയ്യുന്നു, നാലാമത്തേത് 'സംസ്കാരം' അത് പ്രതിക്രിയ ചെയ്തുകൊണ്ട്, കർമ്മ സംസ്കാരങ്ങളുടെ ബന്ധനങ്ങൾ നിർമ്മിച്ചു കൊണ്ടുപോകുന്നു. ഈ നാല് സ്കന്ദം – വിജ്ഞാനം, സംജ്ഞ, വേദന, സംസ്കാരം, പിന്നെ

ഭൗതിക സ്കന്ദം, ഇത് അഞ്ചിനൊടും എത്ര ആസക്തി! എത്ര ആസക്തി!

പുറമെ–പുറമെ ബുദ്ധിയുടെ തലത്തിൽ നല്ലപോലെ പറയുന്നുണ്ട് – ഈ ശരീരം ഞാനല്ല, ഈ ശരീരം എന്റെയല്ല, ഈ ശരീരം എന്റെ ആത്മാവല്ല. ഈ ചിത്തം ഞാനല്ല, ഇത് എന്റെയല്ല: ഇത് എന്റെ ആത്മാവല്ല. ഉള്ളിൽ പോകുമ്പോൾ അറിയാം – ഈ ശരീരം തന്നെ 'ഞാൻ' ആയിത്തീർന്നു, എന്റെയായിത്തീർന്നു. ഈ ചിത്തം തന്നെ ഞാൻ ആയി, എന്റെയായി. ഇതിനൊട് എത്ര ആഴത്തിലുള്ള താദാത്മ്യം സ്ഥാപിച്ചു? ഇതിനൊട് എത്ര ആഴത്തിലുള്ള ആസക്തി ജനിപ്പിച്ചു? ലോക വ്യവഹാരത്തിനായി ഞാൻ എന്നു പറയേണ്ടി വന്നു, എന്റെ എന്നു പറയേണ്ടിവന്നു. അതു വേറെ കാര്യം, എന്നാൽ ഞാൻ വളരെ സുന്ദരനാണ് എന്നു പറയുമ്പോൾ ഈ ശരീരം തന്നെയാണ് – അയ്യോ, ശരീരം സുന്ദരമാണോ അതൊ നീ സുന്ദരനാണോ? അപ്പോൾ ശരീരം ഞാൻ ആയി. ഞാൻ വളരെ ഉയരമുള്ളവനാണ്! ഞാൻ വളരെ കുള്ളനാണ്. ഞാൻ വളരെ വിരൂപനാണ്. ശരീരം തന്നെ ഞാനായില്ലെ! കേവലം വ്യവഹാരലോകത്തിന്റെ മാത്രം കാര്യമല്ല, അതിനൊപ്പം വളരെ ഒട്ടിപ്പിടിച്ചിരിക്കുകയാണ്. ഞാൻ, എന്റെ എന്ന ഭാവമുണ്ട്. എന്റെ ശരീരം. അപ്രകാരം തന്നെ എന്റെ ചിത്തം. അറിയുന്ന ചിത്തം(വിജ്ഞാനം) അറിയുന്ന ജോലി ചെയ്യുന്നു എന്നാൽ ഞാൻ അറിഞ്ഞുകൊണ്ടിരിക്കുകയാണ് എന്ന് ആകുന്നു. ഇത് എന്റെ അറിയലാണ്. തിരിച്ചറിയുന്ന ചിത്തം(സംജ്ഞ) തിരിച്ചറിയുന്ന ജോലി ചെയ്യുന്നു എന്നാൽ ഞാൻ തിരിച്ചറിയുകയാണ് എന്ന് തോന്നുന്നു. ഇത് എന്റെ തിരിച്ചറിയലാണ്. അനുഭവം ചെയ്യുന്ന ചിത്തം(വേദന) അനുഭവിക്കുകയാണ് എന്നാൽ ഞാൻ അനുഭവിക്കുകയാണ് എന്ന് തോന്നുന്നു. ഇത് എന്റെ അനുഭവമാണ്. പ്രതിക്രിയ ചെയ്യുന്ന ചിത്തം(സംസ്കാരം) പ്രതിക്രിയ ചെയ്യുന്നു എന്നാൽ ഞാൻ അനുഭവിച്ചു കൊണ്ടിരിക്കുകയാണ് ഇങ്ങനെ തോന്നുന്നു. ഇത് എന്റെ അനുഭവമാണ്, ഇത് എന്റെ പ്രതിക്രിയയാണ്.

ഞാൻ, എന്റെ, ഞാൻ, എന്റെ, കൂടാതെ എത്ര ആഴത്തിലുള്ള ആസക്തി, എത്ര ആഴത്തിലുള്ള ആസക്തി – വ്യാകുലത തന്നെ വ്യാകുലത, വ്യാകുലത തന്നെ വ്യാകുലത. തന്നെത്താൻ ആയിരം പറഞ്ഞുകൊണ്ടിരിക്കാം, ഈ ശരീരം ഞാനാണ്, എന്റെയാണ്, എന്റെ ആത്മാവാണ് എന്ന് ഞാൻ വിശ്വസിക്കുന്നില്ല. ഈ ചിത്തം ഞാനാണ്, എന്റെയാണ്, എന്റെ ആത്മാവാണ് എന്ന് ഞാൻ വിശ്വസിക്കുന്നില്ല. എന്നാൽ യഥാർത്ഥത്തിൽ അതുതന്നെയല്ലെ സംഭവിച്ചുകൊണ്ടിരിക്കുന്നത്. ഉള്ളിൽ പോയാൽ തീർത്തും അങ്ങനെതന്നെയാണ് സംഭവിച്ചു കൊണ്ടിരിക്കുന്നത്.

ശിബിരങ്ങളിൽ അത്തരം സംഭവങ്ങൾ തന്നെയാണ് നടന്നുകൊണ്ടിരിക്കുന്നത്. ഒരു സഹോദരൻ വരുന്നു – നോക്കൂ, ഈ സാധന ചെയ്ത് ചെയ്ത് താങ്കളുടെ തലവേദനയുടെ വളരെ വലിയ രോഗം പോയി എന്ന് ഞാൻ കേട്ടു. എത്രയോ വർഷമായി എനിക്ക് ഇടുപ്പുവേദനയുണ്ട്, നോക്കൂ ഇതുവരെ പോയില്ല. ഒരു ശിബിരം ചെയ്തു പോയില്ല, രണ്ടു ശിബിരം ചെയ്തു, പോയില്ല. വളരെ വേദനയുണ്ട്. താങ്കൾ എന്തെങ്കിലും ചെയ്താലും. അയ്യോ, നീ ശരീരം ഭിന്നം, ആത്മാവ് ഭിന്നം, ശരീരം ഭിന്നം, ആത്മാവ് ഭിന്നം ഇത്തരം വിശ്വാസത്തിൽ വിശ്വസിക്കുന്നവനല്ലെ! അപ്പോൾ ശരീരത്തിന് വേദനയുണ്ടാകുന്നു, ആകാനനുവദിക്കുക! എന്തിനാണ് കരയുന്നത്? അയ്യോ, അത് തത്വശാസ്ത്രത്തിന്റെ കാര്യം, അതിനെ വിട്ടാലും, എന്തെങ്കിലും വഴി പറഞ്ഞു തന്നാലും, എന്റെ ഇടുപ്പിന്റെ വേദന പോയിരുന്നെങ്കിൽ! സഹോദരാ, ശരീരത്തിനൊട് എത്ര ആഴത്തിലുള്ള താദാത്മ്യം സ്ഥാപിതമായി – വാസ്തവം ഇതു തന്നെയല്ലെ. ഈ ദേഹാത്മബുദ്ധി, ഈ ചിത്താത്മബുദ്ധി, ഈ തത്വശാസ്ത്രങ്ങളാൽ പോകുകയില്ല. സത്യത്തെ നോക്കി നോക്കി ഉള്ളിൽ പോകൂ – അയ്യോ, എത്ര ഉപാദാനമാണ്! എത്ര ആഴത്തിലുള്ള ആസക്തിയാണ്! ഈ അഞ്ചു സ്കന്ദങ്ങളൊട് എത്ര ആഴത്തിലുള്ള ആസക്തിയാണ്! ഓ, ഇതാണ് വ്യാകുലത! ഈ ആസക്തിതന്നെയാണ് വ്യാകുലത. ശരിക്കും മനസ്സിലാകാൻ തുടങ്ങും – മുറിയാൻ തുടങ്ങും. വിടുതൽ ലഭിച്ചുകൊണ്ടുതന്നെ പോകും. ഇതിന്റെ സാക്ഷാത്കാരം ചെയ്യണം, ദർശനം ചെയ്യണം, അതായത് അനുഭവം ചെയ്യണം. ഉപാദാനം വളരെ ദുഖദായകമാണ്. സ്വന്തം തൃഷ്ണകളെപ്പറ്റി ഒരു വലിയ ഉപാദാനമുണ്ട്, ആസക്തിയുണ്ട്. തൃഷ്ണ ഉണർന്നു. ഇതുമാത്രം തന്നെ വളരെ ദുഖദായകമാണ്. തൃഷ്ണക്ക് ഒപ്പം തന്നെ ദുഖം ഉണരുന്നു, അതിനാൽ അതിനെ ദുഖസമുദയമെന്ന് വിളിക്കുന്നു. തൃഷ്ണ ഉണർന്നു, ഒപ്പം–ഒപ്പം ദുഖമുണർന്നു. എന്നാൽ ആ തൃഷ്ണയൊട് എങ്ങാനും ആസക്തിയായി. അതിന് അടിമയായിത്തീർന്നാൽ കൂടുതൽ കഷ്ടമായി. ഇനിയാകട്ടെ വീണ്ടും വീണ്ടും തൃഷ്ണ ഉണർത്തുക തന്നെ ചെയ്യും. തൃഷ്ണ ഉണർത്തിയാൽ വ്യാകുലനാകും – അറിയുക തന്നെ ചെയ്യും, എന്നിരുന്നാലും തൃഷ്ണ ഉണർത്തും. വ്യാകുലനാകുന്നു എന്ന് അറിയുക തന്നെ ചെയ്യും എന്നാലും തൃഷ്ണ ഉണർത്തും എന്തെന്നാൽ ആസക്തനായി. അതിന്റെ ഒരു ലഹരിയായി.

ആർക്കെങ്കിലും ചൊറി വന്നു. ചിരങ്ങ് വന്നു. ചൊറിയാനാഗ്രഹം. ചൊറിയുന്നു, വേദന ഉണ്ടാകുന്നു എന്നാലും ചൊറിയാനാഗ്രഹിക്കുന്നു. ചൊറിയുന്നു, വേദന ഉണ്ടാകുന്നു. ചൊറിയുന്നു, വേദനിക്കുന്നു വീണ്ടും ചൊറിഞ്ഞുകൊണ്ടുതന്നെ ഇരിക്കുന്നു. ചൊറിയാനുള്ള ആസക്തി ആയി. അടിമയായി. ഇപ്രകാരം തന്നെ തൃഷ്ണക്ക് അടിമയായി. ഒരു തൃഷ്ണ പൂർത്തിയായപ്പോൾ ഉടൻ തന്നെ അടുത്തത് സ്വന്തം തലയുർത്തും. തൃഷ്ണ നിലനില്ക്കേണ്ടതുണ്ട്. ഈ വസ്തു, വ്യക്തി, സ്ഥിതി, ഇതിനൊട് തൃഷ്ണ ഉണർന്നു. ലഭിച്ചു ഇപ്പോൾ മറ്റെന്തെങ്കിലും ലഭിക്കണം. അയ്യോ, മൂടില്ലാത്ത ബക്കറ്റാണ്, നിറയുകയേ ഇല്ല.

തൃഷ്ണയോടു തൃഷ്ണ, തൃഷ്ണയോടു തൃഷ്ണ – വീട്ടിൽ ഇതു വന്നു, വളരെ നല്ല കാര്യം. അയൽക്കാരന്റെ പക്കലാകട്ടെ അതുണ്ട് എന്നു കാണുന്നു. അയ്യോ, എന്റെ പക്കലില്ലല്ലോ. ഏതൊന്ന് അയൽക്കാരന്റെ പക്കലുണ്ടോ, അത് എന്റെ പക്കലും വരേണ്ടതുണ്ട്. ഇപ്പോൾ അതു വന്നു. അപ്പോൾ അവന്റെ അടുത്ത് ഇതുണ്ട്, എന്റെ പക്കലില്ലല്ലോ, അതും വരേണ്ടതു തന്നെ ഉണ്ട്. തൃഷ്ണയോടു തൃഷ്ണ, തൃഷ്ണയോടു തൃഷ്ണ. ഞാൻ മറ്റുള്ളവരിൽ നിന്നും ഒരിഞ്ചു ഉയർന്നിരിക്കണം.

എങ്ങാനും താഴ്ന്നു പോകരുത്. അവന്റെ വാർഷിക വ്യാപാരം ഇത്രയുണ്ട്. എന്റെ അതിലും കൂടേണ്ടതുണ്ട്. എത്ര തൃഷ്ണയാണ്, എത്ര വ്യാകുലതയാണ് - വ്യാകുലത തന്നെ വ്യാകുലത, വ്യാകുലത തന്നെ വ്യാകുലത. തൃഷ്ണക്കുവേണ്ടി വ്യാകുലനാകുക, തൃഷ്ണയോട് ആസക്തനായി വ്യാകുലനാകുക, അതായത് കയ്പ്പക്ക തന്നെ വളരെ കയ്പ്പുള്ളത്, വേപ്പ് കേറിയാലോ, അപ്പോൾ കയ്പ്പു തന്നെ കയ്പ്പ്. തൃഷ്ണയൊട് എപ്പോൾ ആസക്തി ഉണർന്നുവോ, അവിടെ ദുഖത്തിന്റെ കൂമ്പാരമായി, കൂമ്പാരമായി.

ഒരു ആസക്തികൂടി ഉണരാരുണ്ട് - 'എന്നെ' പ്പറ്റി, 'എന്റെ' എന്നതിനെപ്പറ്റി. വളരെ വലിയ ആസക്തി - ഞാൻ ഇങ്ങനെ, ഞാൻ ഇങ്ങനെ. ഈ 'ഞാൻ' എന്നതിനെതിരായി ആരെങ്കിലും ഒരു ശബ്ദമെങ്കിലും പറഞ്ഞാൽ അപ്പോൾ എത്ര കോപം വരുന്നു? എത്ര വികാരം ഉണർത്തുന്നു എന്നിട്ട് എത്ര വ്യാകുലനായിത്തീരുന്നു? ഈ ഞാൻ എന്നതിനെതിരായി ആരെങ്കിലും അല്പമെങ്കിലും പ്രവർത്തിച്ചാൽ, എത്ര കോപം വരുന്നു, എത്ര വ്യാകുലനാകുന്നു? എന്തെന്നാൽ ഞാൻ എന്നതിനൊട് ഇത്ര ആഴത്തിലുള്ള ആസക്തിയായി. വളരെ ആഴത്തിലുള്ള ആസക്തിയായി. എപ്രാകരം ഞാൻ, അപ്രകാരം എന്റെ. ഇത് എന്റെ, ഇത് എന്റെ. ഈ എന്റെ എന്നതിനൊട് എത്ര ആഴത്തിൽ ഒട്ടിപ്പിടിച്ചു. വ്യാകുലത തന്നെ വ്യാകുലത, വ്യാകുലത തന്നെ വ്യാകുലത നിർമ്മിച്ചു. എന്റെ വാച്ച്, വളരെ വിലപിടിപ്പുള്ള വാച്ച്. അയ്യോ, ഇവിടെയാകട്ടെ ലഭിക്കുന്നതേയില്ല. വിദേശത്ത് പോയതായിരുന്നു, അവിടെനിന്ന് കൊണ്ടു വന്നതാണ്. ഈ മോഡലിന്റെ, ഇത്ര വിലപിടിപ്പുള്ള വാച്ച്, ഇത്ര നല്ല വാച്ച്. ഒരു ദിവസം അശ്രദ്ധയാൽ വീണു പൊട്ടിപ്പോയി. ഇപ്പോൾ നോക്കൂ, കരഞ്ഞുകൊണ്ടേ പോകുകയാണ്, എന്റെ വിലപിടിപ്പുള്ള വാച്ച് പൊട്ടിയല്ലോ, എന്റെ ഈ മോഡലിന്റെ വാച്ച് പൊട്ടിയല്ലൊ! ഈ ദേശത്തിലാകട്ടെ ലഭിക്കുകയെ ഇല്ലല്ലോ! ഈ ദേശത്തിലാകട്ടെ ഇതിന്റെ സ്പെയർപ്പാർട്ട് പോലും ലഭിക്കില്ല. കരഞ്ഞുകൊണ്ടിരിക്കുന്നു, കരഞ്ഞു കൊണ്ടിരിക്കുന്നു.

അത്തരത്തിലുള്ള വാച്ച്, അതേ മോഡലിന്റെ വാച്ച്, അത്ര തന്നെ വിലപിടിപ്പുള്ള വാച്ച് എന്റെ കൂട്ടുകാരന്റെ കൈയ്യിൽ കെട്ടിയിരിക്കുകയാണ് എന്നിട്ട് അവന്റെ അശ്രദ്ധയാൽ വീണു പൊട്ടി. ഇപ്പോൾ കരച്ചിൽ വരുന്നില്ല. എന്തു പറ്റി സഹോദരാ, അതും വിലപിടിപ്പുള്ള വാച്ചു തന്നെയായിരുന്നല്ലൊ! എന്തുകൊണ്ട് കരയുന്നില്ല? കരയുന്നില്ല. നേരെ മറിച്ച് ഉപദേശം കൊടുക്കുകയാണ്. അയ്യോ, നീ വിവേകത്തോടെ പെരുമാറേണ്ടിയിരുന്നു. ഇത്ര വിലപിടിപ്പുള്ള വാച്ച് സൂക്ഷിച്ചു വക്കേണ്ടതല്ലെ. ഈ ദേശത്തിലാകട്ടെ ലഭിക്കുന്നതെയില്ല. അയ്യോ, ഇതിന്റെ സ്പെയർ പാർട്ട്സ് പോലും ലഭിക്കുകയില്ല. കരയുന്നില്ലല്ലൊ! ഇപ്പോഴാകട്ടെ ഉപദേശം കൊടുക്കുകയാണ്.

ലോകത്തിൽ വിലപിടിപ്പുള്ള വാച്ച പൊട്ടിയാൽ ആരും തന്നെ കയയാറില്ല. എന്റെ വാച്ച്, എന്റെ വാച്ച് പൊട്ടിയല്ലൊ! എന്റെ വാച്ച്! എന്റേതിനൊട് ഇത്ര ആഴത്തിലുള്ള ആസക്തി. എത്ര ആഴത്തിലുള്ള ആസക്തിയോ അത്രതന്നെ ആഴത്തിലുള്ള വ്യാകുലത, അത്രതന്നെ ആഴത്തിലുള്ള കരച്ചിൽ. പ്രകൃതിയുടെ നിയമമാണ്, പ്രകൃതിയുടെ വ്യവസ്ഥയാണ്. എവിടെ ആസക്തി വന്നുവോ, അവിടെ കരച്ചിൽ വരികതന്നെ ചെയ്യും. എവിടെ ആസക്തി വന്നുവോ അവിടെ വ്യാകുലത വരിക തന്നെ ചെയ്യും. ആസക്തി 50-100 രൂപയുടെ വസ്തുവിനൊടായാലും ശരി, 100 കോടിരൂപ യൊടായാലും ശരി. ആസക്തിയാണ്. അത്രതന്നെ കരച്ചിൽ വരും. ഒരു വ്യത്യാസവും ഇല്ല.

ഒരു സംഭവം സംഭവിച്ചു. ബർമ്മയിൽ നിന്ന് വന്നതെയുള്ളു, തപോഭൂമിയൊന്നും ഉണ്ടായിരുന്നില്ല. ഏതെങ്കിലും സഹോദരൻ എങ്ങാനുമൊക്കെ താത്കാലിക ശിബിരം സടപ്പാക്കുമായിരുന്നു. ഉറച്ച നിവാസസ്ഥാനവുമില്ലാത്ത ശിബിരം സംഘടിപ്പിക്കു മായിരുന്നു. ഇപ്പോഴും ചിലയിടത്തൊക്കെ ഉണ്ടാകാറുണ്ട്, എന്തെന്നാൽ തപോഭൂമി വിരലിലെണ്ണാവുന്നതേയുള്ളു. നിർമ്മിച്ചു കൊണ്ടിരിക്കുകയാണ് എന്നിരുന്നാലും ആവശ്യം ഇത്രയേറെയാണ് അതിനാൽ എങ്ങാനും ഏതെങ്കിലും സത്രത്തിൽ, ഏതെങ്കിലും സ്കൂളിൽ, ഏതെങ്കിലും ഹോസ്റ്റലിൽ, എങ്ങാനുമൊക്കെ ശിബിരം സംഘടിപ്പിക്കാറുണ്ടായിരുന്നു. അപ്പോൾ ഒരു സഹോദരൻ, എന്റെ വലിയ മിത്രം, സർവ്വസേവാസംഘത്തിന്റെ വലിയ നേതാവ്. ബർമ്മയിൽ താമസിക്കുമ്പോൾ തന്നെ അദ്ദേഹവുമായി അല്പം പരിചയപ്പെട്ടിരുന്നു. ഇവിടെ വന്നപ്പോൾ കണ്ടുമുട്ടി അപ്പോൾ അദ്ദേഹം പറഞ്ഞു, രാജസ്ഥാൻ താങ്കളുടെ പൂർവ്വീകരുടെ ഭൂമിയാണ്. അവിടെ ഒരു ശിബിരം വച്ചാലും. ശരി, താങ്കൾ വ്യവസ്ഥ ചെയ്യുക, പഠിപ്പിക്കാൻ ഞാൻ എത്തിച്ചേരാം. ശരി പറഞ്ഞു എന്നിട്ട് അദ്ദേഹം തിരഞ്ഞു തിരഞ്ഞ് സിരോഹിക്കു സമീപം ഒരു ചെറിയ ഗ്രാമം, ബാമൻവാടയിൽ ശിബിരം വച്ചു. ചെറിയ ഗ്രാമം, അവിടെ നിന്ന് ആര് വരാനാണ്, ഒന്നോ രണ്ടോ ഇരുന്നിരിക്കാം. ബാക്കി സമീപത്തുള്ള നഗരങ്ങളിൽ നിന്ന് വന്നു.

ശബിരം തുടങ്ങി. അതിൽ സമീപത്തുള്ള നഗരത്തിൽ നിന്നും ഒരു വൃദ്ധയും വന്നു. വളരെ വൃദ്ധ എന്നാൽ വളരെ പ്രസന്നയായി ശ്രദ്ധയോടെ ജോലി ചെയ്യുകയാണ്, നിഷ്ഠയോടെ ജോലി ചെയ്യുകയാണ്. ഒരു ദിവസം യാദൃശ്ചികമായി രാവിലെ ധ്യാനത്തിൽ നിന്നും സ്വന്തം വാസസ്ഥലത്തേക്ക് പോയപ്പോൾ ഉറക്കെ നിലവിളിച്ചു, കരഞ്ഞു. ആൾക്കാർ ഓടിപ്പോയി. ഇവർക്കെന്തുപ്പറ്റി? ഇവരെ ഏതെങ്കിലും സർപ്പം കടിച്ചുവോ, തേൾ കുത്തിയോ? എന്നാൽ അവർ കരഞ്ഞുകൊണ്ടേയിരിക്കുകയാണ്. അയ്യോ അമ്മേ! എന്തുപ്പറ്റി? അവർ പറഞ്ഞു, ഞാൻ വീട്ടിൽ നിന്ന് പോന്നപ്പോൾ ഒരു ചെറിയ തുണി സഞ്ചിയിൽ എന്റെ ബാക്കിയുണ്ടായിരുന്ന 20-25 രൂപ ഇട്ടിരുന്നു, കൂടാതെ 50 വർഷം മുമ്പ് വിവാഹിതയായപ്പോൾ എനിക്ക് സ്ത്രീധനമായിക്കിട്ടിയിരുന്ന ഒരു വെള്ളിയുടെ ആഭരണം അതിൽ ഇട്ടുവച്ചിരുന്നു കൂടാതെ യാത്ര തുടങ്ങിയപ്പോൾ അയൽക്കാരി ഒരു ഉണങ്ങിയ മിഠായിയുടെ കഷണം തന്നിരുന്നു, അതും അതിൽ വച്ചിരുന്നു. എപ്പോഴെപ്പോൾ ധ്യാനം ചെയ്യുമോ അപ്പോൾ അതിനെ സ്വന്തം കാലിനുകീഴെ വച്ചുകൊണ്ട് ധ്യാനം ചെയ്യുമായിരുന്നു. രാത്രിയിൽ ഉറങ്ങുകയാണെങ്കിൽ അതിനെ തലയാണയിൽ വച്ച് ഉറങ്ങുമായിരുന്നു. ഇന്ന് ഹാളിൽ പോയപ്പോൾ

അതിനെ ഇവിടെതന്നെ മറന്നുപോയി. അയ്യോ, ആരോ കൊണ്ടു പോയല്ലൊ! എന്നെ കൊള്ളയടിച്ചല്ലൊ! എന്റെ മുഴുവൻ ധനവും പോയല്ലോ! കരഞ്ഞു കൊണ്ടേയിരുന്നു, കരഞ്ഞുകൊണ്ടേയിരുന്നു.

ആൾക്കാർ മനസ്സിലാക്കിക്കൊടുക്കുകയാണ്, മുത്തശ്ശീ, നിങ്ങൾക്ക് പണമായി 20–25 രൂപയും, ആഭരണം 20–25 രൂപയുടെയും ആയിരിക്കാം. നിങ്ങളുടെ അമ്പതോളം രൂപയുടെ സാധനമല്ലെ പോയത്, ഞങ്ങൾ സംഘടിപ്പിച്ചു തരാം. നിങ്ങൾ ജോലി ചെയ്യുക! എവിടെ സമ്മതിക്കാനാണ്! കരഞ്ഞുകൊണ്ടേയിരുന്നു, കരഞ്ഞുകൊണ്ടേ യിരിന്നു. ആൾക്കാർ പറഞ്ഞു, ഏതുവരെ ഇവരുടെ കൈയ്യിൽ രൂപ കൊടുക്കിന്നില്ലയോ, ഇവരുടെ കരച്ചിൽ തീരില്ല. ഈ പാവത്തിന് ജോലി ചെയ്യാൻ കഴിയില്ല. രൂപ സംഘടിപ്പിക്കാൻ തുടങ്ങിയപ്പോൾ ഏകദേശം 100 രൂപയായി. അവരുടെ മുന്നിൽ വച്ചു. ഇനിയെങ്കിലും സന്തോഷിക്കുമായിരിക്കും. എവിടെ സന്തോഷിക്കാനാണ്. കരഞ്ഞുകൊണ്ടു തന്നെ പോകുകയാണ്, ഈ രൂപകൊണ്ട് ഞാനെന്തു ചെയ്യാനാണ്? എന്റെ ആ ആഭരണം, എന്റെ ആ ആഭരണം, അതെനിക്ക് വിവാഹത്തിന് ലഭിച്ചതായിരുന്നു, അതെനിക്ക് സ്ത്രീധനമായി ലഭിച്ചതായിരുന്നു. അതിനൊട് ഇത്ര ആസക്തിയുണ്ട്, ഇപ്പോൾ അത് എവിടെ നിന്ന് വരാനാണ്? കരഞ്ഞുകൊണ്ടു തന്നെ ഇരുന്നു, പകൽ മുഴുവൻ കരഞ്ഞുകൊണ്ടിരുന്നു. വൈകുന്നേരം ആരോ കണ്ടു, ഒരു കുരങ്ങൻ മരത്തിനു മുകളിൽ ആ തുണിസഞ്ചിയിൽ നിന്നും മിഠായി എടുത്ത് തിന്നുകൊണ്ടിരിക്കുയാണ്. ജനങ്ങൾ അതിന്റെ പിന്നാലെ ഓടി, അതിൽനിന്നും സഞ്ചി വിടീപിച്ചുകൊണ്ടു വന്നു. അവരുടെ ആഭൂഷണം അവരുടെ അടുത്തു വച്ചു അപ്പോൾ കരച്ചിൽ മാറി. ഇപ്പോൾ കരച്ചിൽ, 50–100 രൂപയുടെ ആഭൂഷണത്തിന്റെയായാലും ശരി 50–100 കോടിയുടെ ആഭൂഷണത്തിന്റെയായാലും ശരി, ഒരു വ്യത്യാസവും വരുന്നില്ല. ആസക്തി എത്രയാണ്, ആസക്തി എത്ര ആഴത്തിലാണോ അത്രതന്നെ ആഴത്തിലുള്ള കരച്ചിൽ വരും. ലോകവ്യവഹാരത്തിനായി 'ഞാൻ' പറയാം, 'എന്റെ' പറയാം വേറെ കാര്യം. എന്നാൽ 'ഞാൻ' എന്നതിനൊട് ആസക്തിയായി കൂടാതെ ഇതേപോലെ എന്റെ എന്നതിനൊട് ആസ്ക്തി യായാൽ വളരെ വ്യാകുലരാകുന്നു, വളരെ വ്യാകുലരാകുന്നു.

അപ്രകാരം തന്നെ ഒരു സംഭവം കൂടി. ഉത്തർപ്രദേശിലെ അവധ് എന്ന പ്രദേശത്തേ ഒരു ഗ്രാമത്തിൽ ശിബിരം വച്ചു. ഗ്രാമത്തിലെ ജനങ്ങൾ വന്നു. സമീപത്തുള്ള നഗരങ്ങളിൽ നിന്നും കുറച്ചു ജനങ്ങൾ വന്നു. ശിബിരം നടന്നു കൊണ്ടിരിക്കുകയാണ്. ഉച്ചക്ക് 12 മുതൽ 1 മണിവരെ സാധകൻമാർ കാണാൻ വരാറുണ്ട്. ആ ദിനങ്ങളിൽ 10 മിനിട്ടുകൊടുത്തിരുന്നു. വളരെ കുറച്ച് ആൾക്കാരേ ഉണ്ടാകാറുള്ളു. ഇപ്പോഴാകട്ടെ പാവങ്ങൾക്ക് 10 മിനിട്ടുപോലും ലഭിക്കാറില്ല. അപ്പോൾ 10 മിനിട്ടിന്റെ സമയം കൊടുത്തിരുന്നു. അവരിൽ സമീപത്തെ നഗരത്തിൽ നിന്നും വന്ന ഒരു സന്യാസിയുണ്ടായിരുന്നു. അയാൾ പറയാൻ തുടങ്ങി, ഗോയങ്കാജീ, 10 മിനിട്ടിൽ എന്റെ ചോദ്യങ്ങൾക്ക് എങ്ങനെ സംശയനിവാരണ മുണ്ടാകും? എനിക്കാകട്ടെ താങ്കൾ ഒരിക്കൽ അരമണിക്കൂർ സമയം തന്നാലും. ഇല്ല, മഹാരാജ്, ഞാൻ തരില്ല, താങ്കൾ എന്തു ചർച്ച ചെയ്യുമെന്ന് എനിക്കറിയാം. ഒന്നല്ലെങ്കിൽ മറ്റൊരു ദാർശനിക കാര്യം, ഒന്നല്ലെങ്കിൽ മറ്റൊരു ദാർശനിക വിശ്വാസം, ആത്മാവ് ഇങ്ങനെയാണ്, പരമാത്മാവ് ഇങ്ങനെയാണ്. രണ്ടും ഒന്നു തന്നെയാണ്. ഇല്ലില്ലാ, വേറെ വേറെയാണ്. എനിക്ക് ഈ മുഴുവൻ കാര്യങ്ങളുമായി ഒരു കാര്യവുമില്ല. ഈ വിദ്യ മനസ്സിന്റെ വികാരം നീക്കുന്നതിനാണ്. ഈ ജോലി താങ്കൾക്ക് ശരിയെന്നു തോന്നുന്നുവെങ്കിൽ ചെയ്താലും. ദാർശനിക കാര്യങ്ങൾക്കായി സമയം ഒട്ടും തന്നെ തരില്ല. അപ്പോൾ അയാൾ പറയുകയാണ് മഹാരാജ്, താങ്കളുടെ ഒപ്പം ധ്യാനം ചെയ്തുകൊണ്ട് ഇത്ര ദിനങ്ങളായി. ഇതു മുഴുവനും പ്രയോജനമില്ലാത്ത കാര്യങ്ങളാണ് എന്ന് നന്നായി മനസ്സിലായി. അതിൽ പെടില്ല. എനിക്കാകട്ടെ സാധനയെപ്പറ്റി മാത്രമാണ് സംസാരിക്കേണ്ടത്. അഞ്ചു പത്തുമിനിട്ടിൽ ആകില്ല. എനിക്കാകട്ടെ അരമണിക്കൂർ തന്നാലും. അരമണിക്കൂർ തന്നാലും. നല്ലകാര്യം. പോട്ടെ, എതോ വിധത്തിൽ അറമണിക്കൂർ സംഘടിപ്പിച്ചു. രണ്ടു നാലും മിനിട്ട് സാധനയുടെ കാര്യം നടന്നു. ഇങ്ങനെ ആകുന്നു, എനിക്ക് ഇത്തരം അനുഭവം ഉണ്ടാകുന്നു, ഇങ്ങനെ എന്തു കൊണ്ടുണ്ടാകുന്നില്ല, ഇത്യാദി, ഇത്യാദി. പിന്നെ പെട്ടന്ന് വിഷയം മാറി. ഗോയങ്കാജി – അയാൾ ഏതു നഗരത്തിൽ നിന്നും വന്നുവോ, ആ നഗരത്തിൽ താങ്കളുടെ ഒരു വലിയ മഠമില്ലെ? അയ്യോ, എന്റെ മഠമോ ഞാൻ ഒരിക്കലും ആ നഗരത്തിൽ പോയിട്ടില്ല. സഹോദരാ എങ്ങനെ എന്റെ മഠമാകും? മഠമാകട്ടെ സന്യാസിമാരുടെതാണ് എന്നാൻ ഞാനാകട്ടെ ഗൃഹസ്ഥനാണ്. കൂടാതെ ഗൃഹസ്ഥനാണെന്നുള്ള ഇത്ര വലിയ പ്രമാണവും എന്റെ പക്കൽ വക്കുന്നുണ്ട്. അപ്പോൾ സഹോദരാ, എന്റെ മഠം എങ്ങനെ ആകും? ഗോയങ്കാജി, താങ്കൾ മനസ്സിലാക്കിയാലും. താങ്കളുടെ മഠം, താങ്കളുടെ മഠം, പിന്നെ പറയുന്നു താങ്കളുടെ മഠത്തിൽ താങ്കളുടെ ആന ആടുന്നുണ്ട്. എന്റെ ആന ആടുകയൊ? അയ്യോ, സന്യാസിജീ എന്താണ് പറയുന്നത്? എന്റെ മഠം, എന്റെ ആന. അപ്പോൾ പറയുകയാണ്, ഗോയങ്കാജീ താങ്കൾ മനസ്സിലാക്കാൻ ശ്രമിച്ചാലും! അയ്യോ, ഇത്രയുമായപ്പോൾ കാര്യം മനസ്സിലായി. നമ്മുടെ ഭാരതം വളരെ മഹാനായ രാജ്യമാണ്. പലതരത്തിലുള്ള ആൾക്കാരുമുണ്ട്. ഞാൻ ഒരിക്കലും എന്റെ വായിൽ നിന്ന് 'ഞാൻ' എന്നു പറയാറില്ല, 'എന്റെ' എന്നു പറയാറില്ല. ഇത്തരം വ്രതമെടുത്ത ആൾക്കാരുമുണ്ട്. എപ്പോളെപ്പോൾ ഞാൻ എന്നുപറയേണ്ടിവരുമോ അപ്പോൾ 'താങ്കൾ' എന്നു പറയും. എപ്പോൾ എപ്പോൾ 'എന്റെ' എന്നു പറയേണ്ടിവരുമോ അപ്പോൾ 'താങ്കളുടെ' എന്നു പറയും. ഇപ്പോൾ മനസ്സിലായി. ശരി, എന്റെ മഠവും എന്റെ ആനയും. പറയൂ, എന്തുപ്പറ്റി? ഇപ്പോൾ അയാൾ ആ മഠത്തിൽ, ഒരു കെട്ടിടം പണിതു, മാത്രമല്ല അവിടെത്തെ മുനിസിപാലിറ്റിയുടെ അനുവാദമില്ലാതെ ഉണ്ടാക്കി. അപ്പോൾ അവിടെനിന്നും അതിനെ പൊളിക്കാനുള്ള ഉത്തരവു വന്നു. നഗരത്തിനു നടുക്ക് ആർക്കും ആനയെ വക്കാൻ കഴിയില്ല. നഗരത്തിനു വെളിയിൽ വക്കാം. അയാൾ നഗരത്തിനു നടുക്ക് സ്വന്തം ആനയെയും വച്ചിരിക്കുകയാണ്. അതിനാൽ മുനിസിപാലിറ്റിയുടെ ഓർഡർ വന്നു, ആനയെ ഇവിടെ നിന്നും മാറ്റണം. അതിനാൽ ഗോയങ്കാജി,

അതിനെ രക്ഷിച്ചാലും. ആ മുനിസിപാലിറ്റിയുടെ ചെയർമാൻ ഒരിക്കൽ ബർമ്മയിൽ പോയിരുന്നു എന്ന് അയാൾ എങ്ങുനിന്നോ കേട്ടിരുന്നു. കുറച്ചു ദിവസം ഞങ്ങളുടെ വീട്ടിൽ അതിഥിയായി താമസിച്ചിരുന്നു. താങ്കൾ ഒന്നോ രണ്ടോ വാക്ക് അയാൾക്ക് എഴുതിയാൽ മതി. താങ്കളുടെ ആന രക്ഷപ്പെടും, താങ്കളുടെ മഠം രക്ഷപ്പെടും. 'താങ്കളുടെ' എന്നാണ് പറയുന്നത്, 'എന്റെ' എന്നു പറയുന്നില്ല. അയ്യോ, വീടും കുടുംബവും ഉപേക്ഷിച്ച സന്യാസിയാണ്. 'ഞാൻ' എന്നു പറയുന്നില്ല, 'എന്റെ' എന്നു പറയുന്നില്ല. എന്നാൽ എത്ര ആസക്തിയാണ്, എത്ര ആസക്തിയാണ് കൂടാതെ എത്ര വ്യാകുലനാണ്, എത്ര വ്യാകുലനാണ്. ഈ ആസക്തി ജനിപ്പിക്കുന്ന വ്യക്തി ഏതെങ്കിലും സന്യാസിയാണോ അതോ ഗൃഹസ്ഥനാണോ – പ്രകൃതി ഈ കാര്യത്തെ നോക്കുന്നില്ല. ഇയാൾ മഞ്ഞവസ്ത്രമാണോ ധരിച്ചിരിക്കുന്നത് അതോ വെളുത്തവസ്ത്രമാണോ ധരിച്ചിരിക്കുന്നത്. ചുവന്ന വസ്ത്രമാണോ ധരിച്ചിരിക്കുന്നത് അതോ കറുത്ത വസ്ത്രമാണോ ധരിച്ചിരിക്കുന്നത് ഒന്നും തന്നെ നോക്കുന്നില്ല. ആസക്തി ജനിപ്പിക്കുന്ന ഈ വ്യക്തി – അയാൾ തന്നെ ഹിന്ദുവെന്നു വിളിക്കുന്നോ അതോ ബൗദ്ധനെന്നു വിളിക്കുന്നോ, ജൈനനെന്നു വിളിക്കുന്നോ, ക്രസ്ത്യനെന്നു വിളിക്കുന്നോ, മുസ്ലിമെന്നു വിളിക്കുന്നോ, സിക്കെന്നു വിളിക്കുന്നോ, പ്രകൃതി ഒന്നും തന്നെ നോക്കുന്നില്ല. ഇയാൾ തന്നെ ഭാരതീയനെന്നു വിളിക്കുന്നോ, പാക്കിസ്ഥാനിയെന്നു വിളിക്കുന്നോ, അമേരിക്കെനെന്ന് വിളിക്കുന്നോ ഒന്നും തന്നെ നോക്കുന്നില്ല. ആസ്ക്തി ജനിച്ചല്ലൊ! തീയിൽ കൈ വച്ചിരിക്കുകയല്ലെ? പൊള്ളുക തന്നെ ചെയ്യും, പ്രകൃതിയുടെ നിയമമാണ്. വിശ്വത്തിന്റെ വ്യവസ്ഥയാണ്. ഋതുവാണ്. അയ്യോ ഇതിന്റെ തന്നെ അന്വേഷണമാണ് ഉള്ളിൽ ചെയ്യേണ്ടത്.

നമ്മൾ എപ്രകാരമാണ് തീയ്യിൽ കൈവച്ചുകൊണ്ടു പോകുന്നത്. പുറമെ പുറമെയാകട്ടെ ഈ ആലംബനമുണ്ട്, ആ ആലംബനമുണ്ട്. ഈ കാരണം കാണുന്നു, ആ കാരണം കാണുന്നു. ഇത് ആനയാണ്, ഇത് മഠമാണ്, ഇത് വാച്ചാണ്, ഇത് ഇന്നതാണ്, ഇത് ഇന്നതാണ്. ഉള്ളിൽ ആസക്തിയുണ്ട്. കരച്ചിൽ ആസക്തി യുടെയാണ് വരുന്നത്. ആസക്തിയുമുണ്ട് എന്നാൽ കരച്ചിലും വരുന്നില്ല, ഇത് സംഭവിക്കുന്ന കാര്യമല്ല. ഒരു വ്യവസ്ഥയിൽ ആകാം. – മനസ്സിലാക്കുക – നല്ലപോലെ ആസക്തിയുണ്ട് എന്നിരുന്നാലും വ്യകുലത വരില്ല. എപ്പോൾ വരില്ല, എപ്പോൾ ഈ 'ഞാൻ', ഈ ഏതൊരു വസ്തുവിനെ, വ്യക്തിയെ, സ്ഥിതിയെ അനുഭവിക്കുകയാണോ, ആ 'ഞാൻ' എല്ലായ്പ്പോഴും ഇതേ പ്രകാരം നിലനില്ക്കണം, ഇതേ പ്രകാരം നിലനില്ക്കണം, നഷ്ടമാകരുത് കൂടാതെ ഏതിനെ ഞാൻ ആസ്വാദിച്ചു കൊണ്ടിരിക്കുന്നോ ആ വ്യക്തി, ആ സ്ഥിതി അതും അപ്രകാരം തന്നെ നിലനില്ക്കട്ടെ. അനന്തകാലംവരെ നിലനില്ക്കട്ടെ. ഞാൻ അനന്തകാലംവരെ നിലനില്ക്കുകയാണ്. ഏതൊരു വസ്തു അല്ലെങ്കിൽ വ്യക്തിയൊട് ആസക്തി ഉണർന്നുവോ, അത് അനന്തകാലംവരെ നിലനില്ക്കുകയാണെങ്കിൽ അപ്പോൾ കരച്ചിൽ വരുമോ? ആസക്തി ഇരുന്നോട്ടെ. എന്നാൽ സഹോദരാ, അപ്രകാരം എവിടെയാണ് സംഭവിക്കുന്നത്? ഏതിനെ 'എന്റെ' 'എന്റെ' എന്നു വിളിക്കുന്നുവോ നോക്കിനോക്കി നഷ്ടമായി ത്തീരുന്നു. ഞാൻ നിസ്സഹായനാണ്, ഒന്നും തന്നെ ചെയ്യാൻ സാധിക്കുന്നില്ല. അത് നഷ്ടമായില്ലെങ്കിൽ സമയം വരുന്നു 'ഞാൻ' നഷ്ടമായിത്തീരുന്നു.. അതിനാൽ എപ്പോൾ എപ്പോൾ വേർപാട് വരുമോ, വിയോഗം വരുമോ, വിലാപമേ വരികയുള്ളു. ഇത് പ്രകൃതിയാൽ ബന്ധിതമായ നിയമമാണ്, എവിടെ ഉപാദാനമായോ, എവിടെ ആസക്തിയായോ, അവിടെ വിലാപം വരിക തന്നെ ചെയ്യും. എന്തുകൊണ്ട്? എന്തുകൊണ്ടെന്നാൽ അനിത്യമാണ്, നശ്വരമാണ്, ഭംഗൂരമാണ്. ഏതിനെ 'ഞാൻ', 'ഞാൻ' പറഞ്ഞുകൊണ്ടു പോകുന്നുവോ, അതും അനിത്യമാണ്, നശ്വരമാണ്, ഭംഗൂരമാണ്. ഏതിനെ 'എന്റെ' 'എന്റെ' എന്നു പറഞ്ഞുകൊണ്ടു പോകുന്നുവോ അതും അനിത്യമാണ്, നശ്വരമാണ്, ഭംഗൂരമാണ്. അപ്പോൾ കരച്ചിലല്ലാതെ മറ്റെന്താണ് വരിക?

ആസക്തിയില്ലെങ്കിൽ, അല്പം പോലും കരച്ചിൽ വരികയില്ല. അനാസക്തനായി ലോകത്തിൽ ജീവിക്കണം, സ്വന്തം കർത്തവ്യത്തിന്റെ മുഴുവൻ ജോലിയും പൂർത്തിയാക്കി ക്കൊണ്ടിരിക്കണം. ആസക്തി അരുത്, ബന്ധനം അരുത്. ജീവിക്കാൻ പഠിക്കും. ജീവിത കല പഠിക്കും. പിന്നെ ധർമ്മത്തിന്റെ ജീവിതമായില്ലെ? അങ്ങനെ ചെയ്യുന്നതിനു തന്നെയാണ് അന്തർമുഖനാകുന്നത്. ഈ വിദ്യ പഠിക്കുന്നതിനു തന്നെയാണ് അന്തർമുഖനാകുന്നത്. ആസക്തി ഉണർന്നതെവിടെ? ഉണർന്നെങ്കിൽ വർദ്ധിക്കുന്നില്ലല്ലോ? അതിനെ എങ്ങിനെ ഇല്ലാതാക്കാം? മതി, ഇതു പഠിച്ച് പഠിച്ച് ആസക്തി ദൂരമായിക്കൊണ്ടു പോയാൽ അപ്പോൾ ദുഖം ദൂരെയായിപ്പോകും. അനാസക്തി വന്നു കൊണ്ടിരുന്നാൽ ശരിയായ അർത്ഥത്തിൽ സുഖം വന്നു കൊണ്ടിരിക്കുകയാണ്. ആര് ആര് ഈ വിദ്യയിൽ നിഷ്ണതരായിപ്പോകുന്നുവോ അവരുടെ മംഗളം തന്നെ മംഗളം. നന്മ തന്നെ നന്മ. അവരുടെ സ്വസ്തി തന്നെ സ്വസ്തി. അവരുടെ മുക്തി തന്നെ മുക്തി.

**ധമ്മ കേതന വിപസ്സന മെഡിടേഷൻ സെന്റർ,**
മാമ്പ്ര പോസ്റ്റ്, കോഡുകുളഞ്ഞി, ചെങ്ങന്നൂർ,
കേരള – 689508. Phone: (0479)2351616.
email: info@ketana.dhamma.org.
Website: http://www.ketana.dhamma.org

**ശിബിരങ്ങളുടെ സൂചിക – 2011**

**പത്തു ദിവസ ശിബിരം:** 13–24.10, 5–16.11 (Female only), 20.11–1.12, 20–31.12.2012

**Contact:** കേരള വിപസ്സന സമിതി, മൈത്രി, നേരചത്തര ലേൻ, പെരന്ദൂർ റോഡ്, ഏലമക്കര പോസ്റ്റ്, കൊച്ചി–682026. Phone: (0484)2539891: Mobile: 9846569891.

……………………